भारतीय गैर न्यायिक

पचास रुपये

FIFTY RUPEES

रु.50

Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

T 966901

## ധാരണാ പത്രം

2008 ജൂൺ മാസം..18 ാം...തീയതി കേരള വാട്ടർ അതോറിട്ടി മാനേജിംഗ് ഡയറക്ടർ ഒന്നാം കക്ഷിയായും (തുടർന്ന് വാട്ടർ അതോറിട്ടി എന്ന് അറിയപ്പെടും) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ രണ്ടാം കക്ഷിയായും (തുടർന്ന് കുടുംബശ്രീ എന്ന് അറിയപ്പെടും) ഒപ്പിടുന്ന ധാരണാപത്രം.

വാട്ടർ അതോറിട്ടി സംസ്ഥാനത്ത് വിവിധ നഗരസഭാപരിധിയിലും ഗ്രാമപഞ്ചായത്ത് പരിധിയിലും ശുദ്ധജല സംഭരണ-വിതരണം പ്രവർത്തനങ്ങൾ നടത്തിവരുന്ന സർക്കാർ ഏജൻസിയാണ്.

കേരള സംസ്ഥാന സർക്കാർ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ ഏറ്റെടുത്ത് നടപ്പാക്കുന്ന ദാരിദ്ര്യ ലഘൂകരണ പദ്ധതിയാണ് കുടുംബശ്രീ.

വാട്ടർ അതോറിട്ടി വിവിധ സ്ഥാപനങ്ങൾക്കും ഭവനങ്ങൾക്കും ശുദ്ധജലവിതരണം നടത്തുന്നുണ്ട്. ഇതിനായുള്ള വാട്ടർ കണക്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററുകളുടെ റീഡിംഗ് എടുക്കുന്നതിന് കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളുടെ സേവനം നിശ്ചിത വേതനം നൽകി വിനിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനനുസൃതമായി ഇപ്പോൾ തന്നെ

27 MAY 2008

Managing Director
Kerala Water Authority
Thiruvananthapuram

Scanned by CamScanner

തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളിൽ ഈ സേവനം ഉപയോഗപ്പെടുത്തുന്നുമുണ്ട്. ഇത് സംസ്ഥാനമൊട്ടാകെ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി നടപ്പാക്കുന്നതിന് കേരള വാട്ടർ അതോറിട്ടിയും കുടുംബശ്രീയും സമ്മതിച്ച് തയ്യാറാക്കുന്ന ധാരണാപത്രം.

1. വാട്ടർ അതോറിട്ടിയിലേയ്ക്ക് ആവശ്യമായ മീറ്റർ റീഡർമാരെ അതാത് പ്രദേശത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സി.ഡി.എസ്സിന്റെ മേൽനോട്ടത്തിൽ തെരഞ്ഞെടുത്ത് നൽകുന്നതായിരിക്കും. ഇവർക്കുള്ള വേതനവും ബന്ധപ്പെട്ട സി.ഡി.എസ് മുഖാന്തിരം നൽകുന്നതായിരിക്കും.
2. വാട്ടർ അതോറിട്ടിയുടെ ആവശ്യത്തിനായി മീറ്റർ റീഡിങ്ങിന് നിയോഗിക്കുന്ന വ്യക്തികളുടെ ഏറ്റവും കുറഞ്ഞ അടിസ്ഥാന യോഗ്യത പത്താം തരം പാസ്സ് എന്നുള്ളതായിരിക്കും.
3. വാട്ടർ അതോറിട്ടിയുടെ ആവശ്യത്തിനായി നിയോഗിക്കുന്ന വ്യക്തികൾക്ക് വാട്ടർ അതോറിട്ടിസാങ്കേതിക പരിശീലനം നൽകുന്നതും ഈ പരിശീലന ചെലവ് കുടുംബശ്രീ വഹിക്കുന്നതുമാണ്.
4. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്ന വ്യക്തികളെ കരാർ പ്രകാരം വാട്ടർ അതോറിട്ടി മീറ്റർ റീഡിങ്ങിനായി അതാതു കുടുംബശ്രീ സി.ഡി.എസ്സുകൾ നിയോഗിക്കുന്നതാണ്.
5. ശാരീരികക്ഷമതയുള്ള വ്യക്തികളെ മാത്രമേ കുടുംബശ്രീ യൂണിറ്റുകൾ മീറ്റർ റീഡിംഗിനായി നിർദ്ദേശിയ്ക്കുവാൻ പാടുള്ളൂ.
6. കുടുംബശ്രീ യൂണിറ്റുവഴി നിയോഗിയ്ക്കപ്പെടുന്ന വ്യക്തികൾ വാട്ടർ അതോറിട്ടി നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുവാൻ ബാധ്യസ്ഥരായിരിക്കും.. ഇതിനെതിരായി പ്രവർത്തിക്കുന്ന വ്യക്തികളെ മാറ്റി നിയോഗിക്കണമെന്ന് വാട്ടർ അതോറിട്ടി രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം അങ്ങനെയുള്ളവരെ കുടുംബശ്രീ മാറ്റി പകരം വ്യക്തികളെ നൽകുന്നതാണ്.
7. വാട്ടർ അതോറിട്ടി ദ്വിമാസ മീറ്റർ റീഡിംഗ്/അർദ്ധവാർഷിക റീഡിങ്ങാണ് നടത്തുന്നത്. ഓരോ വ്യക്തിയും നിശ്ചിത മീറ്റർ റീഡിംഗ് നടത്തി വിവരം

Managing Director
Kerala Water Authority
Thiruvananthapuram

Scanned by CamScanner

നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായി റിപ്പോർട്ടുകൾ ബന്ധപ്പെട്ട സെക്ഷനിൽ ഹാജരാക്കേണ്ടതാണ്.

8. കുടുംബശ്രീ നിയോഗിക്കുന്ന വ്യക്തികൾക്ക് വാട്ടർ അതോറിട്ടിയിൽ സ്ഥിരനിയമനത്തിന് അവകാശമുണ്ടായിരിയ്ക്കുകയില്ല.

9. കരാറിന്റെ അടിസ്ഥാനത്തിൽ നിയോഗിയ്ക്കപ്പെടുന്ന വ്യക്തികൾ കാലാവധിയ്ക്കുള്ളിൽ പിരിഞ്ഞു പോകുകയാണെങ്കിൽ അതിനുപകരമായി പരിശീലനം നേടിയിട്ടുള്ളവരെ കുടുംബശ്രീ നിയോഗിക്കുന്നതാണ്. ഇവർക്ക് ആവശ്യമായ പരിശീലനം വാട്ടർ അതോറിട്ടി നൽകുന്നതാണ്.

10. മീറ്റർ റീഡിങ്ങിന് നിയോഗിക്കപ്പെടുന്ന വ്യക്തികൾ ഉപഭോക്താക്കളോട് സൗമ്യതയോടുകൂടി ഇടപെടേണ്ടതും ഉപഭോക്താക്കളുടെ ന്യായമായ പരാതികൾ ബന്ധപ്പെട്ട അധികൃതരെ അറിയിക്കേണ്ടതുമാണ്.

11. ദ്വിമാസ ബില്ലിംഗ് ശ്രേണി നിലനിർത്തുകയും പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം 3 മണി മുതൽ 5 മണി വരെ പൊതുജനപരാതി പരിഹാരത്തിനായി മീറ്റർ റീഡിങ്ങിനായി നിയോഗിക്കപ്പെട്ടിട്ടുള്ള വ്യക്തികൾ ബന്ധപ്പെട്ട ഓഫീസുകളിൽ ഹാജരുണ്ടായിരിക്കേണ്ടതുമാണ്.

12. ദ്വിമാസ മീറ്റർ റീഡിങ്ങ്/അർദ്ധവാർഷിക റീഡിങ്ങാണ് നടത്തേണ്ടത്. നഗരപ്രദേശങ്ങളിൽ കുറഞ്ഞത് 1600 ഉം ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 1200 ഉം എങ്കിലും മീറ്റർ റീഡിംഗ് രണ്ടുമാസത്തിലൊരിക്കൽ എടുക്കണം. ഇതിനനുസൃതമായി വാട്ടർ അതോറിട്ടി ഓരോ മീറ്റർ റീഡർക്കും ഏരിയ നിശ്ചയിച്ച് നൽകുന്നതാണ്.

13. കോർപ്പറേഷനിൽ 3 രൂപയും മുനിസിപ്പാലിറ്റിയിൽ 3 രൂപ 50 പൈസയും പഞ്ചായത്തിൽ 4 രൂപയുമാണ് നൽകി വരുന്നത്. പ്രസ്തുത നിരക്ക് ജി.ഒ(പി) നമ്പർ.313/ഫിൻ. തീയതി 27/07/2006 എന്ന സർക്കാർ ഉത്തരവിൽ ക്ലാർക്കിന് പ്രതിദിനം നിശ്ചയിച്ചിരിയ്ക്കുന്ന തുകയായ 170 രൂപ പ്രകാരം ഒരു റീഡിങ്ങിന് കോർപ്പറേഷനിൽ 170/40 = 4.25 രൂപയും (നാല് രൂപ ഇരുപത്തിയഞ്ച് പൈസ) മുനിസിപ്പാലിറ്റിയിൽ 170/35 = 4 രൂപ 86 പൈസയും (നാല് രൂപ എൺപത്തിയാറ് പൈസ)പഞ്ചായത്തിൽ 170/30 = 5 രൂപ 67 (അഞ്ച് രൂപ അറുപത്തി ഏഴ് പൈസ) പൈസയുമായി ഉയർത്തുന്നതാണ്.

Managing Director
Kerala Water Authority
Thiruvananthapuram

Scanned by CamScanner

—

14. മീറ്റർ റീഡിംഗ് എടുത്ത് റിപ്പോർട്ട് ചെയ്യുന്ന ഉപഭോക്തൃ നമ്പരിന് അനുസൃതമായിരിക്കും വേതനം നൽകുന്നത്.

15. (1) Door locked, (2) Same reading, (3) Permanent Not Clear ഇവ ശൂന്യ വേതനത്തിൽ ഉൾപ്പെടുത്തുന്നതായിരിക്കും (രണ്ടും മൂന്നും അവസ്ഥ വ്യക്തമാക്കണം).

16. മീറ്റർ റീഡർക്ക് ലഭിക്കേണ്ട തുക തലേ മാസത്തെ മീറ്റർ റീഡിങ്ങിനെ അടിസ്ഥാനമാക്കി അടുത്ത മാസം അഞ്ചാം തീയതിയ്ക്കുള്ളിൽ വാട്ടർ അതോറിട്ടി നൽകുന്നതാണ്.

17. റീഡിംഗ് പരിശോധനയ്ക്ക് പോകുന്ന അവസരത്തിൽ മീറ്റർ റീഡറുടെ ശ്രദ്ധയിൽപ്പെടുന്ന അനധികൃത ആൾട്ടറേഷൻ, വെള്ളം ചോർത്തൽ, ഗാർഹികേതര ഉപഭോഗം എന്നിവ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

18. നിശ്ചിത പ്രദേശത്തെ മീറ്ററിന്റെ ശരിയായ അവസ്ഥ റിപ്പോർട്ട് ചെയ്യുന്നതിന്റെ ഉത്തരവാദിത്വം മീറ്റർ റീഡർക്കായിരിക്കും.

19. മീറ്റർ റീഡിങ്ങിനോടൊപ്പം പ്രവർത്തനരഹിതമായ മീറ്ററിന്റെ അവസ്ഥയും റീഡർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

20. വാട്ടർ ചാർജ്ജ് സംബന്ധമായ ബില്ലുകളും വിച്ഛേദന അറിയിപ്പുകളും യഥാസമയം മീറ്റർ റീഡർ ഉപഭോക്താവിനെ അറിയിക്കേണ്ടതാണ്.

21. 1000 രൂപയ്ക്കുമേൽ കുടിശ്ശികയുള്ള ഗുണഭോക്താക്കളുടെ ബില്ലുകൾ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തിയശേഷം ഇൻസ്പെക്ടറുടെ അറിവോടെ വിച്ഛേദന കുറിപ്പ് നൽകേണ്ടത് മീറ്റർ റീഡറാണ്. നാളുകളായി റീഡിംഗ് ലഭിക്കാത്ത മീറ്ററുകൾ പ്രവർത്തനരഹിതം എന്ന ലിസ്റ്റിൽ ഉൾപ്പെടുത്തി മാറ്റിവയ്ക്കുന്നതിനായി ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകേണ്ട ഉത്തരവാദിത്വം മീറ്റർ റീഡർക്കാണ്.

22. ഈ കരാറിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ ആയത് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും അതത് ജില്ലയിലെ വാട്ടർ അതോറിട്ടി നിശ്ചയിക്കുന്ന ഉദ്യോഗസ്ഥനും പരസ്പരം ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തേണ്ടതാണ്. ഇങ്ങനെ പരിഹാരം കണ്ടെത്താൻ സാധിക്കാത്ത വിഷയങ്ങളിൽ കുടുംബശ്രീ

Managing Director
Kerala Water Authority
Thiruvananthapuram

Scanned by CamScanner

ഹെഡ് ഓഫീസും വാട്ടർ അതോറിട്ടിയിലെ സംസ്ഥാന തലത്തിൽ നിശ്ചയിക്കുന്ന ഒരു ഉദ്യോഗസ്ഥനും ചേർന്നുള്ള സമിതി പരിഹാരം കണ്ടെത്തുന്നതാണ്.

23. മീറ്റർ റീഡിംഗിന് കുടുംബശ്രീയിൽ നിന്നും നിയോഗിക്കപ്പെടുന്ന വ്യക്തികൾക്ക് അവരുടെ നിശ്ചിത ജോലികൾ ചെയ്യുന്നതിനുള്ള സാഹചര്യവും പിന്തുണയും വാട്ടർ അതോറിട്ടി ഉറപ്പുവരുത്തുന്നതാണ്.
24. കാലാകാലങ്ങളിൽ മീറ്റർ റീഡിങ്ങുമായി ബന്ധപ്പെട്ടോ ചാർജ്ജ് പരിഷ്ക്കരണവുമായി ബന്ധപ്പെട്ടോ മറ്റ് തലത്തിൽ ഉപഭോക്താവിനെ ബാധിക്കുന്ന വിഷയങ്ങളിലോ ആവശ്യമായ ബോധവത്ക്കരണം വാട്ടർ അതോറിട്ടി നൽകുന്നതാണ്.
25. സർക്കാർ ഉത്തരവുകൾക്ക് അനുസരിച്ച് ക്ലാർക്കിനു പ്രതിദിനം നിശ്ചിക്കുന്ന വേതന നിരക്കിലുണ്ടാകുന്ന വ്യത്യാസം സമാന വേതന നിരക്കു നിശ്ചയിച്ചിരിക്കുന്ന മീറ്റർ റീഡേഴ്സിന്റെ വേതന പരിഷ്കരണത്തിന് കുടുംബശ്രീ അധികൃതരും വാട്ടർ അതോറിറ്റിയും കൂടിയാലോചിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.
26. ഈ കരാറുമായി ബന്ധപ്പെട്ട എല്ലാ വ്യവഹാരങ്ങളും തിരുവനന്തപുരം ജില്ലാ കോടതിയുടെ പരിധിയിൽ മാത്രം വരുന്നതാണ്.

മേൽ വ്യവസ്ഥകൾ പരസ്പരം സമ്മതിച്ച് ഇന്നേ ദിവസം ധാരണാ പത്രം ഒപ്പുവയ്ക്കുന്നു.

മാനേജിംഗ് ഡയറക്ടർ
കേരളാ വാട്ടർ അതോറിട്ടി
തിരുവനന്തപുരം

Office of the Managing Director, Jala Bhavan, Kerala Water Authority

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ
തിരുവനന്തപുരം

സാക്ഷികൾ

1. R. Satheesh
Eng. KWA
2. ബി കുമാരിവിജയം
ജൂനിയർ സൂപ്രണ്ട്
കേരള വാട്ടർ അതോറിറ്റി

സാക്ഷികൾ

1. Kunhi Mohammed
Director (A&F)
Kudumbashree
2. S. Sreekantan Nair
PO (IT)
Kudumbashree, Tvpm

Scanned by CamScanner